"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് -കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - വിജിലൻസ് മിന്നൽ പരിശോധനാറിപ്പോർട്ട്- മാവേലിക്കര നഗരസഭയിലെ ജീവനക്കാർക്കെതിരായ അച്ചടക്കനടപടി –തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.1431/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 01/08/2020

---

പരാമർശം:- 1 വിജിലൻസ് ഡയറക്ടറുടെ 06.2016 തീയതിയിലെ ഇ4(എസ്.സി.03/2016/എ.എൽ.പി) 16363/2016 നമ്പർ കത്ത്

2 21.02.2017 തീയതിയിലെ ഇയു2-296/2016-തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3 നഗരകാര്യഡയറക്ടറുടെ 19.06.2016 തീയതിയിലെ വി1-8218/17 നമ്പർ കത്ത്.

ഉത്തരവ്

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, ആലപ്പുഴ യൂണിറ്റ് 16.02.2016-ൽ മാവേലിക്കര നഗരസഭയിൽ 'ഓപ്പറേഷൻ ടൗൺ & സിറ്റി' എന്ന പേരിൽ നടത്തിയ മിന്നൽ പരിശോധനയിൽ വിവിധ അപേക്ഷകളിൽ യഥാസമയം നടപടി സ്വീകരിച്ചിട്ടില്ലാത്തതായി കണ്ടെത്തിയതിനാൽ പരാമർശം 1 പ്രകാരമുള്ള റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ടി നഗരസഭയിലെ ചുവടെ ചേർക്കുന്ന ജീവനക്കാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിരുന്നതിന്റെ ഭാഗമായി പരാമർശം 1 പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു.

1. ആൻസി തോമസ് - ക്ലാർക്ക്
2. അനിത വി. - ക്ലാർക്ക്
3. അനൂപ് വി.സി. - ഹെൽത്ത് സൂപ്രണ്ട്
4. സെന്തിൽ കുമാർ - ക്ലാർക്ക്
5. എസ്. കുമാർ - ക്ലാർക്ക്
6. ഷാനിഫ - സൂപ്രണ്ട്

2. കുറ്റാരോപണ മെമ്മോയ്ക്ക് ടിയാളുകൾ നൽകിയ മറുപടികളിൽ കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ നഗരകാര്യഡയറക്ടർ പരാമർശം 3 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

3. നഗരകാര്യഡയറക്ടറുടെ ഇക്കാര്യത്തിലുള്ള റിപ്പോർട്ട് പ്രകാരം ക്ഷേമപെൻഷനുകൾക്കുള്ള അപേക്ഷകൾ, കെട്ടിടങ്ങളുമായി ബന്ധപ്പെട്ട അവകാശ സർട്ടിഫിക്കറ്റ്, കുടികിട സർട്ടിഫിക്കറ്റ്, നികുതി ഒഴിവാക്കുന്നതിനും നികുതി കണക്കാക്കുന്നതിനുമുള്ള അപേക്ഷകൾ തുടങ്ങിയ അപേക്ഷകളിൽ കാലതാമസം വരുത്തുന്നത് സേവനവകാശ നിയമത്തിലെ വ്യവസ്ഥകളുടെ ലംഘനവും ആയത് ഗൗരവമായി കാണുന്നതുമാണ്. എന്നാൽ ജീവനക്കാരുടെ മറുപടികൾ പ്രകാരം അപേക്ഷകളിലെ ന്യൂനതകൾ പരിഹരിക്കുന്നതിന് അപേക്ഷകന് അറിയിപ്പ നൽകിയശേഷം വച്ചിട്ടുള്ള ഫയലുകളാണ് തീർപ്പാക്കാതെ ശേഷിച്ചത്. ചില അപേക്ഷകളിൽ പിഴ ഒടുക്കി കിട്ടുന്നതിനായി ഫയൽ സൂക്ഷിച്ചിട്ടുള്ളതായിരുന്നു. ടി മറുപടികൾ പൂർണ്ണമായി അംഗീകരിക്കാൻ സാധിക്കാത്തതാണെങ്കിലും മാവേലിക്കര നഗരസഭാ സെക്രട്ടറിയുടെ റിപ്പോർട്ട് പ്രകാരവും കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും മന:പൂർവ്വമായി കാലതാമസം വരുത്തിയിട്ടില്ല എന്ന് ബോധ്യപ്പെടുന്നതാണ്. നഗരസഭാ തെരെഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കൗൺസിൽ പിരിച്ചുവിടുകയും പുതിയ ഭരണസമിതി നിലവിൽ വരുന്നതിന് കാലതാമസം ഉണ്ടായതും വിഷയീഭവിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ ഹെഡ് ക്ലാർക്ക്, സൂപ്രണ്ട് എന്നിവരുടെ ഭാഗത്ത് മേൽനോട്ടക്കുറവ് ഉണ്ടായിട്ടുള്ളത് അവഗണിക്കാവുന്നതല്ല. എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഫയൽ തീർപ്പാക്കാതെ ലൈസൻസ് നൽകിയിട്ടുള്ളതിൽ അപാകതയുണ്ടെങ്കിലും നഗരസഭാ സെക്രട്ടറിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് നല്കിയിട്ടുള്ളതെന്ന വസ്തുത കണക്കിലെടുത്ത് ഹെൽത്ത് സൂപ്പർവൈസറായ ശ്രീ വി.സി അനൂപിന്റെ മറുപടി അംഗീകരിക്കാവുന്നതാണ്. കൂടാതെ ടിയാൻ 31.05.2017-ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതിനാൽ ടിയാനെതിരായ അച്ചടക്കനടപടികൾ മാനുഷിക പരിഗണന നൽകി തീർപ്പാക്കാവുന്നതാണ് എന്ന് നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു. കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയിട്ടുള്ള സെക്ഷൻ ക്ലാർക്കുമാരായ ശ്രീമതി ആൻസി തോമസ്, ശ്രീ സെന്തിൽ കുമാർ, ശ്രീമതി വി. അനിത, സൂപ്രണ്ട് ശ്രീമതി ഷാനിഫ, ഹെഡ് ക്ലാർക്ക് ശ്രീ എസ്. കുമാർ എന്നിവർക്ക് ടിയാളുകളുടെ മറുപടികൾ പരിഗണിച്ച് കർശനമായ താക്കീത് നൽകി അച്ചടക്ക നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്നും നഗരകാര്യഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

4. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപണമെമ്മോയിന്മേലുള്ള ജീവനക്കാരുടെ മറുപടി, കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ അന്വേഷണറിപ്പോർട്ട്, നഗരകാര്യഡയറക്ടറുടെ ഇക്കാര്യത്തിലുള്ള ശുപാർശ എന്നിവ സഹിതം വിശദമായി പരിശോധിച്ചതിൽ. വിവിധ അപേക്ഷകളിൽ യഥാസമയം നടപടി സ്വീകരിച്ചിരുന്നില്ല എന്ന ആരോപണത്തിൽ ജീവനക്കാരുടെ മറുപടികളിൽ, മന:പൂർവ്വമായ കാലതാമസം വരുത്തിയിട്ടില്ല എന്നത് പൂർണമായി അംഗീകരിക്കാനാകുന്നതല്ല.

5. മേൽ സാഹചര്യത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, ആലപ്പുഴ യൂണിറ്റ് മാവേലിക്കര നഗരസഭയിൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ ടി നഗരസഭയിലെ ജീവനക്കാർക്കെതിരായി ആരംഭിച്ച അച്ചടക്കനടപടി 31.05.2017-ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ള ഹെൽത്ത് സൂപ്പർവൈസറായ ശ്രീ വി.സി അനൂപിന്റെ മറുപടി അംഗീകരിച്ച് ടിയാനെതിരായ അച്ചടക്കനടപടിയിൽ തുടർനടപടികൾ അവസാനിപ്പിച്ച് കൊണ്ടും, സെക്ഷൻ ക്ലാർക്കുമാരായ ശ്രീമതി ആൻസി തോമസ്, ശ്രീ സെന്തിൽ കുമാർ, ശ്രീമതി വി. അനിത, സൂപ്രണ്ട് ശ്രീമതി ഷാനിഫ, ഹെഡ് ക്ലാർക്ക് ശ്രീ എസ്.

കുമാർ എന്നിവർക്കെതിരായ അച്ചടക്ക നടപടി ടിയാളുകളുടെ ഒരു ഇൻക്രിമെന്റ് സഞ്ചിത ഫലമില്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ടും തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡീഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ബന്ധപ്പെട്ട ജീവനക്കാർക്ക്( നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ